# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത — 11-08-2017 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ : **1553**

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വി.എസ്.ശിവകുമാർ | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| ശ്രീ. കെ.മുരളീധരൻ | : | ( തുറമുഖവും മ്യൂസിയവും പുരാവസ്തു |
| ശ്രീ. കെ.എസ്.ശബരീനാഥൻ | : | സംരക്ഷണവും വകുപ്പ് മന്ത്രി) |

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി യാഥാർത്ഥ്യ മാക്കുവാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടു ണ്ടെന്ന് വ്യക്തമാക്കുമോ ;

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ സമയബന്ധിതമായ നടത്തിപ്പിനായി നിർവ്വഹണ ഏജൻസി (Special Purpose Vehicle) ആയി വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് രൂപീകരിച്ച് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നുണ്ട്.

തുറമുഖം നാല് കൊല്ലം കൊണ്ട് അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് (കൺസഷണയർ) പൂർത്തിയാക്കണമെന്ന് സർക്കാർ അവരുമായി ഒപ്പ വച്ചിട്ടുള്ള കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൺസഷണയറുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ഒരു ഇൻഡിപെന്റഡ് എഞ്ചിനീയറെ (STUP Consultants Private Limited) നിയമിച്ചിട്ടുണ്ട്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനു വേണ്ടിയുള്ള തീരുമാനങ്ങൾ കൈകൊള്ളുന്നതിനായി ചീഫ് സെക്രട്ടറി അധ്യക്ഷനായ ഒരു Project Implementation Committee യും കരാറിനെ സംബന്ധിക്കുന്ന വിഷയങ്ങൾ നിരീക്ഷിക്കുന്നതിന് ഒരു Empowered Committee യും രൂപീകരിച്ച് പ്രവർത്തിക്കുന്നു. തുറമുഖ പദ്ധതിക്കാവശ്യമായ ബാക്കി ഭൂമി ഏറ്റെടുക്കൽ നടപടികളും അതുപോലെ തുറമുഖ പ്രവർത്തനങ്ങൾക്ക് ആവശ്യമായ വൈദ്യുതി, വെള്ളം എന്നിവ എത്തിക്കുന്നതിനായുള്ള പണികളും സമയ ബന്ധിതമായി നടത്തിവരുന്നു. പദ്ധതിക്കായുള്ള റെയിൽ നിർമ്മാണത്തിന് കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള Rail Vikas Nigam Limited (RVNL) നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | പദ്ധതിയനുസരിച്ച് എന്തെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി യിട്ടുണ്ട് ; വിശദമാക്കുമോ ; | (ബി) യും (സി) യും | മണ്ണ് പരിശോധന, സർവ്വേ, ബ്രേക്ക് വാട്ടറിനെ ബന്ധിപ്പിക്കുന്ന റോഡിന്റെ നിർമ്മാണം എന്നിവ പൂർത്തിയായി. കൺസഷൻ കരാർ പ്രകാരം കൺസഷണയർ **53** ഹെക്ടർ ഭൂമി കടൽ നികത്തിയെടുക്കേണ്ടതുണ്ട്. ഇതിൽ **40%** പണി പൂർത്തിയായി കഴിഞ്ഞു. **3100** മീറ്റർ നീളമുള്ള ബ്രേക്ക് വാട്ടറിന്റെ നിർമ്മാണം പുരോഗമിക്കുന്നു. ഇതിൽ ബ്രേക്ക് വാട്ടറിന്റെ **565** മീറ്റർ നീളത്തിൽ കോർ നിർമ്മാണം പൂർത്തിയായി കഴിഞ്ഞു. ബെർത്തിന്റെ നിർമ്മാണപ്രവർത്തനവുമായി ബന്ധപ്പെട്ട് **01.06.2017** ന് പൈലിംഗ് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | പുലിമുട്ടുകളുടെയും ബർത്തുകളു ടെയും നിർമ്മാണം തുടങ്ങിയി ട്ടുണ്ടോ ; വിശദമാക്കുമോ ? | | |

**സെക്ഷൻ ഓഫീസർ**